നം.പി4-126982/23/സാം.വ

സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം
അനന്തവിലാസം കൊട്ടാരം, ഫോർട്ട്.പി.ഒ,
തിരുവനന്തപുരം-23
തീയതി : 23.01.2024.

**താത്പര്യപത്രം ക്ഷണിക്കുന്നു**

കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിൽ ശ്രീനാരായണ ഗുരുവിന്റെ വെങ്കല പ്രതിമ നിർമ്മാണത്തിനായി വിദഗ്ധ ശില്പികളിൽ നിന്നും താത്പര്യപത്രം ക്ഷണിക്കുന്നു.

1) വെങ്കലത്തിൽ പൂർണ്ണകായ പ്രതിമ ചെയ്തുള്ള പരിചയം
2) ഛായാ ശില്പകലയിൽ യോഗ്യത
3) ശ്രീനാരായണഗുരുവിന്റെ പ്രതിമകൾ ചെയ്ത മുൻ പരിചയം അഭിലഷണീയം

താത്പര്യപത്രം സ്വീകരിക്കുന്ന അവസാന തീയതി - 03.02.2024

<u>അപേക്ഷകർ ബയോഡാറ്റായിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ</u>

1. പേര്
2. വിദ്യാഭ്യാസ യോഗ്യത
3. വെങ്കല ശില്പം ചെയ്തുള്ള പരിചയം
4. അപേക്ഷകൻ ചെയ്തിട്ടുള്ള ശില്പങ്ങൾ സംബന്ധിച്ച വിശദ വിവരങ്ങൾ
    - നിർമ്മിച്ച ശില്പങ്ങളുടെ അളവ് (നീളം000000, വീതി)
    - ശില്പ നിർമ്മാണത്തിനുപയോഗിച്ച അസംസ്കൃത വസ്തു
    - ശില്പം നിർമ്മിച്ച സ്ഥലം, വർഷം, നിലവിലെ അവസ്ഥ, ഈ ശില്പങ്ങളുടെ ഫോട്ടോഗ്രാഫുകൾ

<u>സാങ്കേതിക പരിജ്ഞാനം</u>

അപേക്ഷകർക്ക് സാങ്കേതിക പരിജ്ഞാനം അഭിലഷണീയമാണ്.

1) ശ്രീനാരായണഗുരുവിന്റെ പ്രതിമ ചെയ്തുള്ള മുൻ പരിചയം
2) വെങ്കല പ്രതിമാ നിർമ്മാണത്തിൽ മുൻ പരിചയം

<u>അർഹതയുടെ മാനദണ്ഡങ്ങൾ</u>

1) ലേലം വിളിക്കുന്ന ആൾ അധാർമ്മിക പെരുമാറ്റത്തിനോ വഞ്ചനാപരമായ കുറ്റത്തിനോ സംസ്ഥാന / കേന്ദ്ര ഗവൺമെന്റിന്റെ കരിമ്പട്ടികയിൽ ബിഡ് ചെയ്യുന്ന രീതിയിൽ ഉൾപ്പെടാൻ പാടില്ല.

2) അപേക്ഷകൻ/അപേക്ഷകർ ഡോക്യുമെന്ററി തെളിവുകൾ, പൂർത്തീകരിച്ച പ്രോജക്ടുകളുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ്/ വർക്ക് ഓർഡറുകൾ/എഗ്രിമെന്റ് - വർക്ക് ചെയ്യിപ്പിച്ചവർ ഇഷ്യൂ ചെയ്ത പ്രവൃത്തി പരിചയ സാക്ഷ്യപത്രം എന്നിവ സമർപ്പിക്കേണ്ടതാണ്.

## നടപടിക്രമം

- ചെയ്യാനുദ്ദേശിക്കുന്ന പ്രതിമയുടെ സ്കെച്ച് (2d or 3d) അളവ്, പ്രതിമാ നിർമ്മാണത്തിന് ഉപയോഗിക്കുന്ന അസംസ്കൃത വസ്തു സംബന്ധിക്കുന്ന വിശദാംശങ്ങൾ എന്നിവ ആദ്യം സമർപ്പിക്കേണ്ടതാണ്.
- സാങ്കേതിക വിദഗ്ധർ അടങ്ങിയ കമ്മറ്റി പരിശോധിക്കുകയും യോഗ്യരായ ശില്പികളുടെ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്യുന്നതായിരിക്കും.
- തെരഞ്ഞെടുക്കപ്പെടുന്നവരിൽ നിന്നും സാമ്പത്തിക പ്രൊപ്പോസൽ ക്ഷണിക്കുന്നതും ഇവ പരിശോധിച്ച് കമ്മറ്റി അനുയോജ്യനായ ശില്പിയെ കണ്ടെത്തുന്നതുമാണ്.
- താത്പര്യപത്രത്തിൽ നിഷ്കർഷിച്ചിരിക്കുന്ന തീയതിക്കുള്ളിൽ ലഭ്യമായ എല്ലാ താത്പര്യ പത്രങ്ങളും നിഷ്കർഷിച്ചിരിക്കുന്ന തീയതിയിൽ ഉന്നത ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ തുറന്നു പരിശോധിക്കുന്നതാണ്.
- അനുയോജ്യനായ ശില്പിയെ കണ്ടെത്താൻ കഴിയാതെ വന്നാൽ ഈ നടപടി റദ്ദ് ചെയ്യാൻ സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കണം.

ഡയറക്ടർ